LIBRARY ARCHIVES Kerala Legislative Assembly

നിയമാനുസരണമുള്ള മിതമായ (വിലക്കയറ്റ തോതിനേക്കാൾ കുറവായ) താരിഫ് പരിഷ്കരണങ്ങളും മറ്റും സമയബന്ധിതമായി തീരുമാനിച്ച് അനുവദിക്കാൻ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടായാൽ നഷ്ടമില്ലാതെ മുന്നോട്ട് പോകാൻ കെ.എസ്.ഇ.ബി.ലിമിറ്റഡി-ന് സാധിക്കും. പ്രവർത്തന ക്ഷമതയുള്ള 50 മാർക്കുകളിൽ 20 ലഭിക്കണമെങ്കിൽ 85% ഉപഭോക്താക്കളെങ്കിലും മീറ്ററുകളിലൂടെ വൈദ്യുതി ലഭിക്കുന്നവർ (metered consumers) ആയിരിക്കണം. 100% മീറ്റർഡ് ഉപഭോക്താക്കളുള്ള സംസ്ഥാനത്തിന് ഈയിനത്തിൽ 20 മാർക്കിനും അർഹതയുണ്ട്. അടുത്ത 20 മാർക്ക് കാർഷിക സബ്സിഡി നിർത്തലാക്കുകയോ നേരിട്ട് കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുകയോ (Direct Benefit Transfer- ഡി.ബി.റ്റി) ചെയ്യുന്നതിനാണ്. നിലവിൽ സബ്സിഡിക്ക് അർഹരായ കാർഷിക ഉപഭോക്താക്കൾക്ക് മീറ്ററിൽ രേഖപ്പെടുത്തുന്ന വൈദ്യുതിക്ക് ബിൽ നൽകുകയും ഈ ബിൽ തുക കൃഷിവകുപ്പിൽ നിന്ന് ഒടുക്കുന്നുമുണ്ട്. പ്രായോഗികതലത്തിൽ ഇതിന് ഡി.ബി.റ്റി.-യുമായി വ്യത്യാസമൊന്നുമില്ല. അതിനാൽ ആയതിന്റെ 20 മാർക്കും ലഭിക്കാവുന്നതാണ്. ഇതിനുപുറമെ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക കൃത്യമായി തീർക്കുന്നതിന് അഞ്ച് മാർക്കും, വിതരണ ശൃംഖലയിൽ നൂതനസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് അഞ്ച് മാർക്കും ഉണ്ട്. സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക തീർത്തുകൊണ്ടും ദ്യുതി പദ്ധതിയുടെ ഭാഗമായും അല്ലാതെയും കൈക്കൊണ്ടുവരുന്ന നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ വിതരണ ശൃംഖലാ നവീകരണ പ്രവർത്തനങ്ങളിലൂടെ പത്തു മാർക്കും ഇവിടെ നേടാവുന്നതാണ്.

**കർഷകർക്ക് സൗജന്യമായി വൈദ്യുതി**

184(5343) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷകർക്ക് സൗജന്യമായി കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി നടപ്പിലാക്കാൻ സർക്കാർ തയ്യാറാവുമോ; വിശദാംശങ്ങൾ നൽകുമോ?

സംസ്ഥാനത്ത്, നിലവിൽ കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച LT V (A) അഗ്രിക്കൾച്ചർ താരിഫിലാണ് നൽകിവരുന്നത്. താഴെപ്പറയുന്ന ഇളവുകളാണ് നിലവിൽ സംസ്ഥാനത്തെ കാർഷിക ഉപഭോക്താക്കൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

1. 2012-13 സാമ്പത്തിക വർഷം മുതൽ, കർഷകർക്ക് കമ്മീഷൻ നിശ്ചയിച്ചു വരുന്ന താരിഫ് നിരക്കിൽ (എനർജി ചാർജിന്) യൂണിറ്റൊന്നിന് 85 പൈസ നിരക്കിൽ ഗവൺമെന്റ് സബ്സിഡി നൽകിവരുന്നുണ്ട്. ഈ വിഭാഗത്തിൽ പ്പെട്ട ഏകദേശം 4.5 ലക്ഷം ഉപഭോക്താക്കൾക്ക്, ഈ ആനുകൂല്യം ലഭ്യമാകുന്നുണ്ട്. ടി ഇനത്തിൽ പ്രതിവർഷം ഏകദേശം 25 കോടിയോളം രൂപയാണ് നൽകിവരുന്നത്.

2. സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ട്രൂപരിധിയിലുള്ള കാർഷിക ഉപഭോക്താക്കൾക്ക് കൃഷിഭവൻ മുഖേന വൈദ്യുതി പൂർണ്ണമായും സൗജന്യമായി നൽകുന്നു. ഇതിന്റെ ആനുകൂല്യം, ഏകദേശം 2.8 ലക്ഷം കാർഷിക ഉപഭോക്താക്കൾക്ക് നൽകിവരുന്നു. ടി ഉപഭോക്താക്കളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഏകദേശം 12 കോടിയോളം രൂപ വരും.

3. ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ട്രൂപരിധിയില്ലാത്ത കാർഷിക ഉപഭോക്താക്കൾക്ക്, യൂണിറ്റൊന്നിന് 2.76 രൂപ നിരക്കിലാണ് നൽകിവരുന്നത്. അതായത്, ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന്റെ അടുക്കൽ എത്തിക്കുന്നതിനാവശ്യമായ ചിലവായ (Average cost of supply) 6.50 രൂപയേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് കാർഷിക ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകിവരുന്നത്.

**ഫിലമെന്റ് രഹിത കേരളം പദ്ധതി**

185(5344) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ബി) കെ.എസ്.ഇ.ബി.-യുടെ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ ഉപഭോക്താക്കൾക്കും എൽ.ഇ.ഡി. ബൾബ് ലഭിക്കുന്ന രീതിയിൽ പദ്ധതി വിപുലീകരിക്കാൻ തയ്യാറാവുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരള സർക്കാർ, ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്ത അഞ്ചു പദ്ധതികളിൽ ഒന്നായ ഫിലമെന്റ് രഹിത കേരളം (FFK) പദ്ധതി പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്കായി സഹായ വിലയിൽ ഗുണമേന്മയുള്ള LED ബൾബുകൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതി പൂർത്തിയാകുമ്പോൾ 250 മെഗാവാട്ട് വൈദ്യുതിയുടെ ഉപഭോഗം കുറയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ പദ്ധതി ഇപ്പോൾ നടന്നു വരികയാണ്.